നം. 1541/2010/റ്റി.എ.2/സി.ഇ.ഇ

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001**

## വിജ്ഞാപനം

# 2010-'11 ലെ എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ

1. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് സർക്കാർ ലോ കോളേജുകളിലെ 2010-'11 അദ്ധ്യയന വർഷത്തെ എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ**

(i) **നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

(ii) **വിദ്യാഭ്യാസ യോഗ്യത:** കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതുമായ ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി. ബിരുദം.

ത്രിവത്സര/പഞ്ചവത്സര അവസാന വർഷ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. പക്ഷെ അത്തരത്തിലുള്ളവർ അലോട്ടുമെന്റ് നടത്തുന്ന സമയത്ത് യോഗ്യതാ പരീക്ഷയുടെ ഒറിജിനൽ മാർക്ക് ലിസ്റ്റ്, ഡിഗ്രി/പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(iii) **വയസ്സ്**: എൽ.എൽ.എം. കോഴ്സിലേയ്ക്ക് ഉയർന്ന പ്രായപരിധിയില്ല.

3. **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും:** കോഴ്സിലേയ്ക്കുള്ള പ്രവേശനം, പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും.

പ്രവേശന പരീക്ഷ **2010 ഒക്ടോബർ 24-ാം തീയതി (24.10.2010) ഞായറാഴ്ച തിരുവനന്തപുരത്ത്** വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് ഒന്നര മണിക്കൂർ വീതം (രാവിലെ 9.30 മുതൽ 11 മണി വരെ, 11.30 മുതൽ 1 മണി വരെ) ദൈർഘ്യമുള്ള, രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ഓരോ പേപ്പറിലും ഒബ്ജെക്ടീവ് മാതൃകയിലുള്ള, 100 ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ചോദ്യങ്ങൾ എൽ.എൽ.ബി. പരീക്ഷയുടെ നിലവാരത്തിലുള്ളതായിരിക്കും.

4. **അപേക്ഷാ ഫോറം:** അപേക്ഷാ ഫോറത്തിന്റെ മാതൃകയും പ്രോസ്പെക്ടസ്സും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്, കേരളത്തിൽ നിന്നുള്ള അപേക്ഷാർത്ഥികൾ അപേക്ഷാഫോറത്തിനോടൊപ്പം ലഭിക്കുന്ന ചെല്ലാൻ ഉപയോഗിച്ച് എസ്.ബി.റ്റി യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് **800/-** രൂപ അടക്കേണ്ടതാണ്. കേരളത്തിനു വെളിയിൽ നിന്നുമുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശനപരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന **800/-** രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോമുകൾ സംസ്ഥാനത്തെ ലോ കോളേജുകളിൽ നിന്നോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നോ ലഭിക്കുന്നതല്ല.

പൂരിപ്പിച്ച അപേക്ഷാഫോമും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും, **2010 ഒക്ടോബർ 08-ാം തീയതി (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിക്കു** മുമ്പായി നേരിട്ടോ, രജിസ്റ്റേർഡ് തപാൽ മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. **2010 ഒക്ടോബർ 08-ാം തീയതി** വൈകുന്നേരം 5 മണിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

5. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങളോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരി ക്കുന്നതല്ല.

6. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല.

7. പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും, കേന്ദ്രീകൃത അലോട്ടുമെന്റിനു ഹാജരാകുന്ന അപേക്ഷാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ വിവിധ കോളേജുകളിലേയ്ക്ക് അലോട്ടു ചെയ്യുന്നതാണ്. അലോട്ടു മെന്റിന്റെ വിവരം പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും. മറ്റ് വിശദാംശങ്ങൾ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിൽ ലഭ്യമാണ്.

തിരുവനന്തപുരം
16.09.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**